# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2278

### 07-02-2019 ൽ മറുപടിക്ക്

**സെന്റേജ് ചാർജ് ഒഴിവാക്കി നൽകാൻ നടപടി**

| ചോദ്യം<br>ശ്രീ. സി. കൃഷ്ണൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡ് പ്രവൃത്തിയിൽ റോഡുകൾക്ക് വീതി കൂട്ടുമ്പോൾ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബി. സമർപ്പിക്കുന്ന എസ്റ്റിമേറ്റിൽ നിന്നും സെന്റേജ് ചാർജ് ഒഴിവാക്കി നൽകണം എന്ന തീരുമാനം എടുത്തിട്ടുണ്ടോ; | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡ് പ്രവൃത്തിയിൽ റോഡുകൾക്ക് വീതി കൂട്ടുമ്പോൾ ആവശ്യമായി വരുന്ന യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവർത്തികൾക്ക് പ്രത്യേകം സെന്റേജ് ചാർജ്ജ് നൽകുന്നതല്ല എന്ന് 26.11.2018 തീയതിയിലെ സ .ഉ (കൈ) നം 444/2018/ ധന, ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) ഈ തീരുമാനം കെ.എസ്.ഇ.ബി. അംഗീകരിക്കേണ്ടതുണ്ടോ; പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | ഉണ്ട്. റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ സമയബന്ധിതമായ നടത്തിപ്പിനായി കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി തുടങ്ങിയവയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗുമായി ബന്ധപ്പെട്ട് 26.11.2018 ലെ സ .ഉ (കൈ) നം 444/2018/ ധന, ഉത്തരവ് പ്രകാരം വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് സമർപ്പിക്കുന്ന ബില്ലുകൾ മാത്രമെ കിഫ്ബി നിലവിൽ പരിഗണിക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ